(ബി) സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് കടൽഭിത്തി നിർമ്മാണത്തിന് പുറപ്പെടുവിച്ച സ.ഉ.(സാ)15/05/ജലവിഭവ., സ.ഉ.(സാ) 28/05/ജലവിഭവ., സ.ഉ.(സാ) 191/05/ജലവിഭവ., സ.ഉ.(സാ) 572/05/റവ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.†

## കടൽഭിത്തി നവീകരണ പ്രവർത്തനം

62 [1780] ശ്രീ. സി. ടി. അഹമ്മദ്അലി :

,, പി. കെ. കെ. ബാവ :

,, സി. മമ്മൂട്ടി :

,, കെ. എൻ. എ. ഖാദർ :

,, ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ വർഷം കടൽഭിത്തി നിർമ്മാണത്തിനും നവീകരണത്തിനും എന്തു തുക വീതം ചെലവായിയെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

2004-05 സാമ്പത്തിക വർഷത്തിൽ കടൽഭിത്തി നിർമ്മാണത്തിനും നവീകരണത്തിനുമായി പ്ലാൻ, നോൺ പ്ലാൻ കണക്കിനങ്ങളിലായി നാളിതുവരെ 2389.06 ലക്ഷം രൂപ ചെലവാക്കുകയുണ്ടായി.

## കടൽഭിത്തികൾ നിർമ്മിക്കുന്നതിനും പുനർനിർമ്മിക്കുന്നതിനും ലഭ്യമായ കേന്ദ്രസഹായം

63 [1781] ശ്രീ. ഉമേഷ് ചള്ളിയിൽ :

,, കെ. കെ. ഷാജു:

,, എ. എൻ. രാജൻബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കടൽഭിത്തികൾ നിർമ്മിക്കുന്നതിനും പുനർനിർമ്മിക്കുന്നതിനും ലഭ്യമായ കേന്ദ്ര സഹായത്തെക്കുറിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) 2004-05-ൽ ഈയിനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായ തുക എത്രയാണ് എന്ന് വെളിപ്പെടുത്തുമോ ;

(സി) 2004-05-ൽ കേരളം ഈ ഇനത്തിൽ ചെലവഴിച്ച തുകയെത്രയാണ് എന്ന് അറിയിക്കുമോ ?

† അനുബന്ധം-III

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പതിനൊന്നാം ധനകാര്യ കമ്മീഷൻ 2000-2005 കാലയളവിലേക്കായി സംസ്ഥാനത്ത് കടൽഭിത്തികൾ നിർമ്മിക്കുന്നതിനും പുനർ നിർമ്മിക്കുന്നതിനുമായി അൻപത് കോടി രൂപ അനുവദിച്ചിരുന്നു. ഈ തുക ഉപയോഗിച്ച് 12.70 കി. മീ. കടൽ ഭിത്തി നിർമ്മാണവും 28.63 കി. മീ. നീളത്തിൽ പുനരുദ്ധാരണ പ്രവൃത്തികളും നടത്തുകയുണ്ടായി.

(ബി) & (സി) 2004-05-ൽ 11-ാം ധനകാര്യ കമ്മീഷൻ അവാർഡായി ക്രമീകരിച്ച പണികൾക്കുള്ള ബില്ലുകൾ കൊടുത്തുതീർക്കുന്നതിന് ഉപധനാഭ്യർത്ഥനകളിലൂടെ 1911 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. പൂർത്തീകരിച്ച പണികളുടെ ബില്ലുകൾ കൊടുത്തു തീർക്കുന്നതിന് ആവശ്യമായ 19 കോടി രൂപയുടെ ഫണ്ടും ആവശ്യമായ ലറ്റർ ഓഫ് ക്രഡിറ്റും ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് കൊടുത്തിട്ടുണ്ട്.

കടൽത്തീര സംരക്ഷണ പദ്ധതി

64 [1782] ശ്രീ. എം. എ. ചന്ദ്രശേഖരൻ :

„ ഡി. സുഗതൻ :

„ ലൂഡി ലൂയിസ് :

„ വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര കിലോമീറ്റർ കടൽക്കയറ്റം അനുഭവപ്പെടുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) കടൽത്തീര സംരക്ഷണത്തിന് കണ്ടൽക്കാടുകൾ എവിടെയെല്ലാം വച്ചു പിടിപ്പിക്കാനാണ് പരിഗണനയിലുള്ളത് ;

(സി) കടൽത്തീരത്ത് കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതുകൊണ്ട് മറ്റെന്തെല്ലാം പ്രയോജനങ്ങളുണ്ടാകും എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇപ്രകാരം പ്രയോജനം കിട്ടുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് കടൽത്തീരത്ത് കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly